പീഡനം; മന്ത്രിയുടെ കോലം കത്തിച്ചു

കാഞ്ഞങ്ങാട്: പീഡന പരാതിയിൽ ആരോപണ വിധേയനായ മന്ത്രി എ കെ ശശീന്ദ്രൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് യുവമോർച്ചാ പ്രവർത്തകർ മാവുങ്കാൽ ടൗണിൽ മന്ത്രിയുടെ കോലം കത്തിച്ചു. പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. കൃഷ്ണ പ്രസാദ്, വൈശാഖ് മാവുങ്കാൽ, മനോജ് സംസാരിച്ചു.

വിവിധ ആവശ്യങ്ങളുന്നയിച്ചു പ്രവാസി കോൺഗ്രസ് നടത്തിയ കുടുംബ സത്യാഗ്രഹം കളക്ട്രേറ്റിനു മുന്നിൽ ഹക്കീം കുന്നിൽ ഉദ്ഘാടനം ചെയ്യുന്നു

വീടും സ്ഥലവും കാണിച്ച് തട്ടിപ്പ്; അന്വേഷിക്കണം: ആക്ഷൻ കമ്മിറ്റി

കാസർകോട്: ആലംപാടി ബാഫഖി നഗറിൽ സ്ഥലവും വീടും കാണിച്ച് സ്ത്രീയിൽ നിന്ന് ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ജനകീയ ആക്ഷൻ കമ്മിറ്റി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. മറ്റു ചിലരും തട്ടിപ്പിനിരയായിട്ടുണ്ട്. മറ്റുള്ളവരുടെ സ്വത്തിന്റെ രേഖകൾ കാണിച്ചാണ് തട്ടിപ്പെന്നും ഭാരവാഹികൾ ആരോപിച്ചു. സ്ഥലത്തിനും വീടിനും നിശ്ചയിച്ച വിലയിൽ നിന്ന് അഡ്വാൻസ് തുക കൈപ്പറ്റുകയും തുടർന്ന് വിശ്വാസം നേടിയെടുക്കാനായി വീടിന്റെ താക്കോൽ നൽകുകയും ചെയ്ത തായി തട്ടിപ്പിനിരയായ സ്ത്രീ പറഞ്ഞു. എന്നാൽ തുകയിൽ ഭൂരിഭാഗവും കൈപ്പറ്റിയ ശേഷം ബാക്കി തുക ലഭിക്കുന്ന മുറക്ക് ആധാരം എഴുതി തരാമെന്ന് പറയുകയും എന്നാൽ ലോക്ഡൗൺ കാരണം സ്റ്റാമ്പ് പേപ്പർ ലഭിക്കുന്നില്ലെന്നും, അതുകൊണ്ട് തന്നെ എഗ്രിമെന്റ് നൽകാൻ പ്രയാസമുണ്ടെന്നും പറഞ്ഞാണ് പണം തട്ടിയത്. തന്റെ പക്കൽ നിന്ന് 20 ലക്ഷം രൂപ തട്ടിയെടുത്തതായി സ്ത്രീ പറഞ്ഞു. 5 ലക്ഷം രൂപ അഡ്വാൻസായി വാങ്ങിയയുടൻ തന്നെ വീടിന്റെ താക്കോൽ നൽകിയിരുന്നു. 20 ലക്ഷം കൈപ്പറ്റിയതോടെ ആധാരം ആവശ്യപ്പെട്ട തങ്ങളെ കഴിഞ്ഞ എട്ട് മാസത്തോളമായി ഈ വീട്ടിൽ താമസിക്കുന്ന തനിക്കും കുടുംബത്തിനുമെതിരെ നിരന്തരമായി ഭീഷണി മുഴക്കുകയും വീട്ടിൽ നിന്നിറക്കിവിടാൻ ശ്രമിക്കുകയുമാണെന്നും ആരോപിച്ചു. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരെ ഉടൻ കണ്ടെത്തണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു, ഉടൻ നടപടി സ്വീകരിക്കാത്ത പക്ഷം തട്ടിപ്പിന് നേതൃത്വം നൽകിയവരുടെ വസതികളിലേക്ക് മാർച്ചു നടത്തുമെന്ന് മുന്നറിയിപ്പു നൽകി. ചെയർമാൻ സുബൈർ പടുപ്പ്, ജനറൽ കൺവീനർ അബ്ദുൽ ഖാദർ ചട്ടഞ്ചാൽ എന്നിവരും തട്ടിപ്പിനിരയായ വരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

കോവിഡ്: പ്രതിരോധ നടപടി ശക്തമാക്കണം

ബേഡകം: രൂക്ഷമായി തുടരുന്ന കോവിഡ് വ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ സർവ്വ കക്ഷിയോഗം വിളിക്കാത്ത ബന്ധപ്പെട്ടവരുടെ നടപടിയിൽ യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രതിഷേധിച്ചു. ജില്ലയിൽ തന്നെ ഏറ്റവും അധികം കോവിഡ് രോഗികളുള്ള പഞ്ചായത്തായി ബേഡഡുക്ക മാറിയെന്നും ആരോപിച്ചു. പ്രതിരോധ പ്രവർത്തനങ്ങളിൽ രാഷ്ട്രീയം കലർത്തുകയാണെന്നും പ്രതിരോധ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാൻ ബേഡഡുക്ക മണ്ഡലം കമ്മിറ്റി കോൺഗ്രസ് പ്രവർത്തകർ തയ്യാറാണെന്നും മണ്ഡലം കമ്മിറ്റി അറിയിച്ചു.

റോഡിന്റെ ശോചനീയാവസ്ഥ: ബെള്ളിപ്പാടിയിൽ വഴിമുട്ടി ജനങ്ങൾ

ബോവിക്കാനം: സർക്കാരും തദ്ദേശ ഭരണവും വികസന വിപ്ലവം തുടർന്നു കൊണ്ടിരിക്കെ ബെള്ളിപ്പാടിയിലെ 150 കുടുംബങ്ങൾക്കു വഴിമുട്ടി. ഇവിടത്തെ ജനങ്ങളുടെ പ്രധാന റോഡായിരുന്ന മഞ്ചക്കൽ- ബെള്ളിപ്പാടി റോഡ് ചെളി നിറഞ്ഞു കുഴമ്പു പരുവത്തിലായിട്ടുണ്ടെന്നു ബെള്ളിപ്പാടി ഗ്രന്ഥാലയം ഭാരവാഹികൾ അറിയിച്ചു. ഇരിയണ്ണി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടൂർ എ എൽ പി സ്കൂൾ എന്നിവിടങ്ങളിലേക്കുള്ള പ്രധാന റോഡാണിത്. കർഷകർ, കാർഷികോൽപ്പന്നങ്ങൾ വിപണിയിലെത്തിക്കേണ്ടത് ഈ റോഡിലൂടെയാണ്. ഇവിടത്തെ ആളുകൾ മുള്ളേരിയ, ബോവിക്കാനം, കാസർകോട്, ബന്തടുക്ക എന്നിവിടങ്ങളിലേക്കു പോകേണ്ടതും ഈ വഴിയാണെന്ന് അറിയിപ്പിൽ ചൂണ്ടിക്കാട്ടി. 2016ൽ പി എം ജി എസ് വൈ ഫണ്ടിൽ ഉൾപ്പെടുത്തി റോഡ് വികസിപ്പിക്കുന്നതിനു പുതുക്കോളി മുതൽ പേരടുക്ക കുളത്തിങ്കാൽ വരെ റോഡ് വികസനത്തിനു വേണ്ട സ്ഥലം നാട്ടുകാർ വിട്ടു കൊടുത്തിരുന്നു. ഇപ്പോൾ ഇതുവഴി നടന്നു പോകാനോ ചെറിയ വാഹനങ്ങളിൽ യാത്ര ചെയ്യാനോ കഴിയാത്ത സ്ഥിതിയാണെന്നു നാട്ടുകാർ അറിയിച്ചു. മഴ വന്നശേഷം പത്തിലധികം പേർ ഇവിടെ ബൈക്കിൽ നിന്നു വീണു. ഇപ്പോൾ ബെള്ളിപ്പാടിയിൽ നിന്നു പുറത്തു കടക്കാൻ മാർഗ്ഗമില്ലാതെ ജനങ്ങൾ വിഷമിക്കുന്നു. വനം വകുപ്പിനെ നിലക്കു നിറുത്താൻ രാഷ്ട്രീയക്കാർക്കോ സർക്കാരിനോ കഴിയാത്തതിന്റെ ദുരന്തമാണ് ജനങ്ങൾ അനുഭവിക്കുന്നതെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

മഞ്ചക്കാൽ- ബെള്ളിപ്പാടി റോഡ് തകർന്ന നിലയിൽ

മുസ്ലിം യൂത്ത് ലീഗ് 'ബ്ലഡ് കെയർ' പദ്ധതിയുടെ ലോഗോ പ്രകാശനം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവ്വഹിച്ചപ്പോൾ

അജാനൂർ മത്സ്യ ബന്ധന തുറമുഖം; നടപടി ഉടൻ: മന്ത്രി സജി ചെറിയാൻ

കാഞ്ഞങ്ങാട്: അജാനൂർ മത്സ്യ ബന്ധന തുറമുഖത്തിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായും പദ്ധതിയുടെ സാങ്കേതിക പഠന റിപ്പോർട്ട് പൂന ആസ്ഥാനമായ സി.ഡബ്ലു.പി.ആർ.എസ് ൽ നിന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് നിയമസഭയിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഇ ചന്ദ്രശേഖരൻ എം എൽ എ യുടെ സബ്മിഷന് മറുപടിയായാണ് മന്ത്രി സജി ചെറിയാൻഇക്കാര്യം പറഞ്ഞത്. ഈ പ്രവർത്തനങ്ങൾക്കായി 53 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ചിത്താരിപ്പുഴയുടെ ഗതി മാറ്റം മൂലമുള്ള അഴിമുഖത്തെ പ്രശ്നം റിപ്പോർട്ടിൽ തസ്സമായി പറയുന്നു.അഴിമുഖത്തിന്റെ ഗതി മാറ്റം സംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കാണത്തക്കവിധത്തിൽ വേണം അജാനൂർ മത്സ്യ ബന്ധന തുറമുഖത്തിന്റെ രൂപകല്പന നടത്തേണ്ടതെന്ന് 2017 നവംബർ 22 ന് റവന്യൂ മന്ത്രിയായിരുന്ന ഇ ചന്ദ്രശേഖരന്റെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തുറമുഖം നിർമ്മിക്കുമ്പോൾ ചിത്താരിപ്പുഴയുടെ ഗതി മാറ്റം കൂടി കണക്കിലെടുത്ത് അഴിമുഖത്ത് ആവശ്യമായ അനുബന്ധ പ്രവർത്തികൾ കൂടി ഉൾപ്പെടുത്തി വേണം റിപ്പോർട്ട് സമർപ്പിക്കേണ്ടതെന്ന് പൂനെ യിലെ സി ഡബ്ല്യു പി ആർ എസ് എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് അധികൃതർ സ്ഥലം സന്ദർശിക്കുകയും പഠനത്തിനാവശ്യമായ ചില അധിക വിവരങ്ങൾ കൂടി സമർപ്പിക്കുന്നതിനായി സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ജിയോ റഫറൻസ് ഇലക്ട്രോണിക് ഫോർമാറ്റിലുള്ള ഡ്രോയിംഗ് തയ്യാറാക്കി സി ഡബ്ല്യു പി ആർ എസിന് സ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്തു. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും പോലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയും ലഭിച്ച ശേഷം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി മത്സ്യ ബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഇ ചന്ദ്രശേഖരൻ എം. എൽ എ യുടെ സബ്മിഷന് മന്ത്രി മറുപടി നൽകി.ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ 24 ന് അജാനൂർ സന്ദർശിക്കുകയും ചെയ്യും.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കോട്ടച്ചേരി സർവീസ് സഹകരണ ബാങ്ക് 50സെന്റ് സ്ഥലത്ത് നടത്തുന്ന പച്ചക്കറി കൃഷി കെ രാജഗോപാലൻ ഉദ്ഘാടനം ചെയ്യുന്നു

പച്ചക്കറി കൃഷി തുടങ്ങി

കാഞ്ഞങ്ങാട്: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കോട്ടച്ചേരി സർവീസ് സഹകരണ ബാങ്ക് 50സെന്റ് സ്ഥലത്ത് നടത്തുന്ന പച്ചക്കറി കൃഷിക്ക് തുടക്കമായി. ഹൊസ്ദുർഗ് അസിസ്റ്റന്റ് രജിസ്ട്രാർ കെ രാജഗോപാലൻ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡണ്ട് കെ വിശ്വനാഥൻ അധ്യക്ഷനായി. ചേന, വെള്ളരി, നരമ്പൻ, പയർ തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. പി ബാബുരാജ്, കെ വി വിശ്വനാഥൻ, എ കെ ലക്ഷ്മണൻ, കെ തങ്കമണി, ടി പി രാജേഷ് സംബന്ധിച്ചു. ബാങ്ക് സെക്രട്ടറി പി വനജാക്ഷി സ്വാഗതം പറഞ്ഞു.

പ്രവചന മത്സരം: ഉപഹാരം നൽകി

ബേക്കൽ: വടകര ലോകസഭാ മണ്ഡലത്തിൽപ്പെടുന്ന ജി സി സി രാജ്യങ്ങളിലെ പ്രവാസികളുടെ കൂട്ടായ്മയായ വടകര കൂട്ടായ്മ നടത്തിയ നിയമസഭ തിരഞ്ഞെടുപ്പ് പ്രവചന മത്സരത്തിൽ മുഴുവൻ ശരിയുത്തരവും നൽകി വിജയിച്ച ബേക്കൽ, മവ്വൽ സ്വദേശിയും ഷാർജ ഇന്ത്യൻ സ്കൂൾ ജീവനക്കാരനുമായ റസാഖ് മൗവ്വലിനെ അനുമോദിച്ചു. വടകര കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ ഷാർജയിലെ സാമൂഹിക സാംസ്ക്കാരിക, രാഷ്ട്രീയ രംഗത്തെ നിറസാന്നിധ്യവും ഇന്ത്യൻ ഇസോസിയേഷൻ ഷാർജ ട്രഷററുമായ കെ ബാലകൃഷ്ണൻ തച്ചങ്ങാട്, റസാഖിന് ഉപഹാരം നൽകി. സജി മവ്വൽ, ഇബ്രാഹിം മവ്വൽ, തച്ചങ്ങാട് സ്വദേശികളായ വിശ്വൻ, അഭിജിത്ത് പങ്കെടുത്തു.

തിരഞ്ഞെടുപ്പ് പ്രവചന മത്സര വിജയിക്ക് ബാലകൃഷ്ണൻ തച്ചങ്ങാട് ഉപഹാരം നൽകുന്നു

ഈസ് ഓഫ് ലിവിങ്ങ് സർവ്വേയും ഡാറ്റാ എൻട്രിയും പൂർത്തീകരിച്ച് കാറഡുക്ക

കാറഡുക്ക: ഗ്രാമവികസന വകുപ്പും സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഈസ് ഓഫ് ലിവിങ്ങ് സർവ്വേയും ഡാറ്റാ എൻട്രിയും ജില്ലയിൽ ആദ്യമായി കാറഡുക്ക ഗ്രാമ പഞ്ചായത്ത് വിജയകരമായി പൂർത്തീകരിച്ചു. കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക്തല ശിൽപശാലയിൽ സർവ്വേയുടെ ആസൂത്രണവും നടത്തി.

ജില്ലയിൽ ഈസ് ഓഫ് ലിവിങ്ങ് സർവ്വേ വിവരശേഖരണവും ഡാറ്റാ എൻടിയും പൂർത്തിയാക്കിയ ആദ്യത്തെ ഗ്രാമ പഞ്ചായത്തായി കാറഡുക്ക ഗ്രാമ പഞ്ചായത്തിനെ ജില്ല ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ കെ. പ്രദീപൻ പ്രഖ്യാപിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഗോപാലകൃഷ്ണ ആധ്യക്ഷം വഹിച്ചു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശാന്തകുമാരി റിപ്പോർട്ട് അവതരിപ്പിച്ചു. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മുഹമ്മദ് നാസർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ രത്നാകര, മറ്റ് വാർഡംഗങ്ങളായ തമ്പാൻ, സന്തോഷ് കുമാർ, ചിത്രകല, പ്രസീജ, താഹിറ, രൂപ സത്യൻ, ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റ് സതീശ എന്നിവർ സംസാരിച്ചു. വിവരങ്ങൾ ശേഖരിച്ച് നൽകിയ അങ്കണവാടി ടീച്ചർമാർ ഓൺലൈനായി പങ്കെടുത്തു. മുഹമ്മദ് നാസർ സ്വാഗതവും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സീനിയ നന്ദിയും പറഞ്ഞു.

അതിജീവനത്തിന്റെ ഫോൺ വിളിയിൽ സുകന്യയ്ക്കും കുടുംബത്തിനും ആശ്വാസം

കാസർകോട്: അതിജീവനത്തിന്റെ ഫോൺ വിളിയിൽ നിർധന കുടുംബത്തിന് സാന്ത്വന സ്പർശം. സുകന്യയുടെ തകർന്നു വീണ ഒറ്റമുറി വീട്ടിൽ ഇനി മഴവെള്ളം ചോർന്നൊലിക്കില്ല. മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ പന്ത്രാംവാർഡായ ഊച്ചിലങ്കോട്ടെ പ്ലസ് ടു വിദ്യാർഥിനി സുകന്യയ്ക്കാണ് സമഗ്ര ശിക്ഷാ മഞ്ചേശ്വരം ബി ആർ സി സംഘടിപ്പിച്ച ഫോൺ ഇൻ പ്രോഗ്രാമായ അതിജീവനത്തിലൂടെ കനിവിന്റെ സ്നേഹ സാന്ത്വനം ലഭിച്ചത്. കോവിഡ് മഹാമാരിയുടെ കാലത്ത് ശാരീരികവും മാനസികവുമായ പ്രയാസങ്ങളനുഭവിക്കുന്ന എട്ട് മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ഡോക്ടർമാരെയും മനഃശാസ്ത്ര വിദഗ്ധരെയും പങ്കെടുപ്പിച്ച് സംഘടിപ്പിച്ച ബിആർസി തല അതിജീവനം പരിപാടിയാണ് കാരുണ്യത്തിന്റെ വഴി തുറന്നത്. അടുത്തിടെയുണ്ടായ കനത്ത മഴയിലും കാറ്റിലും സുകന്യയുടെ ഒറ്റമുറി വീടിന്റെ മേൽക്കൂരയും ചുവരുകളും തകർന്ന് മഴയിൽ കുതിർന്നിരുന്നു. സുകന്യയും രണ്ടു സഹോദരിമാരും രണ്ടുനാൾ നനഞ്ഞൊലിച്ച അവസ്ഥയിൽ തന്നെയായിരുന്നു. ടാർപോളിൻ കൊണ്ടു മറച്ച വീട്ടിൽ ദുരിതപ്പേമാരിയിൽ കഴിയുന്ന അനുഭവം മംഗൽപ്പാടി ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥിനിയായ സുകന്യ ഫോൺ ഇൻ പ്രോഗ്രാമിൽ വിതുമ്പലോടെയാണ് ഡോക്ടറോട് അവതരിപ്പിച്ചത്. കാസർകോട് ജനറൽ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റായ ഡോ. ബി നാരായണ നായിക്കായിരുന്നു 'അതിജീവന'ത്തിൽ കുട്ടികളോട് ഒരു ദിവസം സംവദിച്ചത്. സുകന്യയുടെ കദനകഥ ഡോക്ടർ ഐഎംഎ കാസർകോടിലെ സഹപ്രവർത്തകരുമായി പങ്കുവെച്ചു. രാധാകൃഷ്ണ- നാഗവേണി ദമ്പതികളുടെ മൂന്ന് പെൺമക്കളടങ്ങുന്ന കുടുംബത്തിന്റെ കണ്ണീർക്കഥ മഞ്ചേശ്വരം എംഎൽഎയെയും തദ്ദേശ സ്ഥാപന ജനപ്രതിനിധികളെയും അറിയിച്ചു. ഐഎം എ കുടുംബാംഗങ്ങളിൽ നിന്നും അടിയന്തരാശ്വാസമായി സ്വരൂപിച്ച 1,62,000 രൂപ സമഗ്ര ശിക്ഷാ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ പി രവീന്ദ്രന്റെ സാന്നിധ്യത്തിൽ ഡോ. നാരായണ നായിക് സുകന്യയുടെ പിതാവ് രാധാകൃഷ്ണയ്ക്ക് കൈമാറി. ഐഎംഎ ജില്ലാ ആക്ഷൻ കമ്മിറ്റി കൺവീനർ ഡോ. ജനാർദ്ദനനായിക്, മുൻ പ്രസിഡന്റ് ഡോ. നാരായണ പ്രദീപ്, സീനിയർ മെമ്പർ ഡോ. ഭരതൻ, മഞ്ചേശ്വരം ബിപിസി ബി പി ആദർശ്, ക്ലാസധ്യാപിക ആശാലത എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കേരള മുസ്ലീം ജമാഅത്ത് മുള്ളേരിയ മേഖലാ കമ്മറ്റി പെരുന്നാളിനോടനുബന്ധിച്ച് ദർസ് വിദ്യാർത്ഥികൾക്ക് നൽകുന്ന വസ്ത്ര വിതരണത്തിന്റെ ഉദ്ഘാടനം ജില്ലാ ജനറൽ സെക്രട്ടറി പള്ളങ്കോട് അബ്ദുൽ ഖാദിർ മദനി സർക്കിൾ ഭാരവാഹികൾക്ക് നൽകി നിർവ്വഹിക്കുന്നു

യൂനാനി ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് വഴിയൊരുങ്ങുന്നു

മൊഗ്രാൽ: മൊഗ്രാലിലെ യൂനാനി ഡിസ്പെൻസറിയിൽ കിടത്തി ചികിത്സയ്ക്കുള്ള സാധ്യത ഏറി.

കാസർകോട് വികസന പാക്കേജിലുൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവിൽ ആശുപത്രിക്കായി പുതിയ കെട്ടിടം പണിതിട്ടുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. എം എൽ എ എ കെ എം അഷ്റഫ് ഇടപെട്ടതോടെയാണ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയത്. കിടത്തി ചികിത്സയ്ക്കുള്ള കെട്ടിടം ഉടൻ ഉദ്ഘാടനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. 1991ലാണ് സംസ്ഥാനത്ത് ആദ്യമായി മൊഗ്രാലിൽ യൂനാനി ആശുപത്രി ആരംഭിച്ചത്. നിത്യവും നിരവധി രോഗികളാണ് ചികിത്സ തേടിയെത്തുന്നത്. കേരളത്തിൽ അംഗീകൃത യൂനാനി ഫാർമസികൾ കുറവായതിനാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് മരുന്നുകൾ എത്തിക്കുന്നത്. ചികിത്സയ്ക്ക് എത്തുന്നവർക്ക് സൗജന്യമായാണ് മരുന്ന് നൽകുന്നത്. ഇതിനായി കുമ്പള ഗ്രാമപഞ്ചായത്ത് വലിയൊരു തുകയാണ് ചിലവഴിക്കുന്നത്. 2021-22 വാർഷിക പദ്ധതിയിൽ 14 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

മന്ത്രി ശശീന്ദ്രന് അധികാരത്തിൽ തുടരാൻ അർഹതയില്ല; ശാന്തമ്മ ഫിലിപ്പ്

കാഞ്ഞങ്ങാട്: പദവി ദുരുപയോഗം ചെയ്ത മന്ത്രി ശശീന്ദ്രന് ഒരു നിമിഷം അധികാരത്തിൽ തുടരാൻ അർഹതയില്ലെന്ന് മഹിള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം അവകാശപ്പെട്ട് ഭരണത്തിലെത്തിയ പിണറായി സർക്കാർ സ്ത്രീപീഡകരുടെയും കൊലയാളികളുടെയും മറ്റും സംരക്ഷകരായി മാറിയിരിക്കുകയാണെന്നും അവർ ആരോപിച്ചു. പീഡനപരാതിക്കിരയായ മന്ത്രി ശശീന്ദ്രനെ സഹായിക്കുന്ന നിലപാടാണ് മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിച്ചിട്ടുള്ളതെന്നും കുറ്റപ്പെടുത്തി. മന്ത്രി ശശീന്ദ്രൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് മഹിള കോൺഗ്രസ് പ്രവർത്തകർ അവരുടെ വീടുകളിൽ നടത്തിയ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശാന്തമ്മ ഫിലിപ്പ്. സാംസ്ക്കാരിക നായകരും എഴുത്തുകാരും സ്ത്രീകൾക്കും സ്ത്രീകൾക്കുനേരെ നടക്കുന്ന ആക്രമങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണെണ് സ്ത്രീകൾക്ക് വേണ്ടി 50 കോടി രൂപ മുടക്കി പണിത വനിതാ മതിൽ എവിടെയാണെന്നും അവർ ആരാഞ്ഞു.

മന്ത്രി ശശീന്ദ്രന്റെ രാജിയാവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് നടത്തിയ സമരം ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവ്

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യന്മാരെ നിയമിക്കുന്നു.

കൂടിക്കാഴ്ച 27 ന് രാവിലെ 10.30 ന് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നടക്കും. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച ബി.എസ്സി എം എൽ ടി/ ഡിപ്ലോമ എം എൽ ടി യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ ജില്ലാ ആശുപത്രി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0467 2217018.

മേൽപ്പറമ്പ് ഐ എൻ എൽ ഓഫീസ് ഉദ്ഘാടനം ചടങ്ങ്

എൻ എസ് എസ് സർഗോത്സവം

കാസർകോട്: പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മനസ് സർഗോത്സവം ജില്ലാതല സമാപന സമ്മേളനവും ഫലപ്രഖ്യാപനവും നടത്തി.27 ഇനങ്ങളിലായി എൻ എസ് എസ് വളണ്ടിയർമാർക്കും 5 ഇനങ്ങളിലായി പ്രോഗ്രാം ഓഫീസർമാർക്കുമായി യൂണിറ്റ്, ക്ലസ്റ്റർ, ജില്ല, സംസ്ഥാന തലങ്ങളിലാണ് മത്സരം. സംസ്ഥാന തലത്തിൽ വിജയികളാവുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും മത്സരയിനങ്ങൾ ഡിജിറ്റൽ മാഗസിൻ വഴി പ്രസിദ്ധപ്പെടുത്തുകയും ചെയ്യും.ചടങ്ങിൽ ജില്ലയിലെ എൻ എസ് എസ് അവാർഡ് ജേതാക്കളായ വി.ഹരിദാസ്, സജീവൻ മടപ്പാമ്പത്ത്, കെ അഭിജിത്ത് എന്നിവരെ അനുമോദിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ല കോർഡിനേറ്റർ പി ദിലീപ് കുമാറിന്റെ അധ്യക്ഷതയിൽ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പി എൻ ശിവൻ ഉദ്ഘാടനം ചെയ്തു. എൻ എസ് എസ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഡോ: ജേക്കബ് ജോൺ മുഖ്യാതിഥിയായി.എൻ എസ് എസ് ഉത്തരമേഖല ആർ പി സി കെ മനോജ്കുമാർ, ജില്ലാ കൺവീനർ വി ഹരിദാസ്, ജി എച്ച് എസ് എസ് ഹൊസ്ദുർഗ്ഗ് പ്രിൻസിപ്പാൾ എ വി സുരേഷ്ബാബു, പി എ സി അംഗങ്ങളായ ഷാഹുൽ ഹമീദ്, എം മണികണ്ഠൻ, എം രാജീവൻ, സി പ്രവീൺ കുമാർ, കെ വി രതീഷ്, വി അനുരാധ, എൻ സുഗത, മധുസൂദനൻ, എം സ ജീവൻ, കെ അഭിജിത് എന്നിവർ സംസാരിച്ചു.

ഐ എൻ എൽ ഓഫീസ് ഉദ്ഘാടനം ചെയ്തു

മേൽപ്പറമ്പ്: ഐ എൻ എൽ മേൽപ്പറമ്പ് ടൗൺ കമ്മറ്റി ഓഫീസ് മന്ത്രി അഹ്മ്മദ് ദേവർ കോവിൽ ഉദ്ഘാടനം ചെയ്തു. അബ്ദുല്ല കീഴൂർ ആധ്യക്ഷം വഹിച്ചു. എം എ ലത്തീഫ്, മൊയ്തീൻ കുഞ്ഞി, അസീസ്, റഹീം, പി കെ അബ്ദുൾ റഹ്മാൻ, ഹനീഫ്, ഷാഫി, പി എ മുഹമ്മദ് കുഞ്ഞി ഹാജി, മുനീർ, നസീർ സംസാരിച്ചു.

കുമ്പള പാലം ശുചീകരിച്ചു

കുമ്പള: ചെളി വെള്ളവും മാലിന്യങ്ങളും കെട്ടിക്കിടക്കുന്ന, കാൽനടയാത്ര പോലും ദുസ്സഹമായ കുമ്പള പാലം എസ് ഡി പി ഐ പ്രവർത്തകർ ശുചീകരിച്ചു. അൻവർ, മൻസൂർ, നേതൃത്വം നൽകി. ഹനീഫ്, ഹക്കീം, അസ്ക്കർ, റിയാസ്, ജാഫർ, ആരിഫ് പങ്കെടുത്തു.

കുമ്പള പാലം എസ് ഡി പി ഐ പ്രവർത്തകർ ശുചീകരിക്കുന്നു